ഉത്തരം

(എ) എസ്.എസ്.ഐ. രജിസ്ട്രേഷൻ ഉള്ള ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള നിവേദനങ്ങൾ ലഭിക്കാറുണ്ട്.

(സി) ഉപഭോക്താവ് സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പാലിച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ബാധകമായ മുൻഗണന നൽകി കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്.

81 (1931) ഇലക്ട്രിക് പോസ്റ്റിന്റെ ദൗർലഭ്യം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എല്ലാ നടപടികളും പൂർത്തീകരിച്ചെങ്കിലും ഇലക്ട്രിക് പോസ്റ്റ് ലഭ്യമല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതെ വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരിഹാരനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ കല്ലൻകോട് പോൾ കാസ്റ്റിംഗ് യാർഡിൽ നിന്നും ഇപ്പോൾ 7 മീറ്റർ പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സാധിക്കുന്നില്ല. അടുത്ത മൂന്നു വർഷത്തേയ്ക്ക് കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിലേയ്ക്ക് പോസ്റ്റുകൾ നിർമ്മിച്ചു വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ച് 50,000(അൻപതിനായിരം) ഏഴുമീറ്റർ പോസ്റ്റിനും, 9000 (ഒൻപതിനായിരം) 9 മീറ്റർ പോസ്റ്റിനും ഓർഡർ നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള യാർഡിൽ നിന്നും വിതരണം ചെയ്യുന്നതിൽ കുറവുവരുന്ന പോസ്റ്റുകളുടെ ഒരു ഭാഗം അടുത്തുള്ള പിണറായി, മങ്ങാട്ടു പറമ്പ് എന്നീ യാർഡുകളിൽ നിന്നു നൽകാൻ നടപടി എടുത്തിട്ടുണ്ട്.

82 (1932) തിരൂർ-എടപ്പാൾ വൈദ്യുതി ലൈനിന്റെ പണി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ - എടപ്പാൾ വൈദ്യുതി ലൈനിന്റെ പണി നിറുത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പണി എന്നാണ് ആരംഭിച്ചത്; എത്ര ശതമാനം പണി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly